# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in

# കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

**കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും** സഹകരണത്തോടെ

**എ.എ.എസ്. 81/2020** (ചൊവ്വാഴ്ച) **തീയ്യതി:29.12.2020**

## അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം

| കാലാവസ്ഥാ ഘടകങ്ങൾ | 30.12.2020 | 31.12.2020 | 01.01.2021 | 02.01.2021 | 03.01.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 32 | 31 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 24 | 22 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 41 | 41 | 41 | 41 | 41 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 10 | 14 | 14 | 16 | 16 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 90 | 70 | 70 | 90 | 90 |
| മേഘവ്യാപ്തി (ഒക്ട) | 5 | 5 | 6 | 2 | 7 |

ജില്ലയിൽ വരും ദിവസങ്ങളിൽ താരതമ്യേന വരണ്ട കാലാവസ്ഥ പ്രതീക്ഷിക്കുന്നു. കൂടിയ താപനില 32°C വരെയും കുറഞ്ഞ താപനില 22°C വരെയും പ്രതീക്ഷിക്കുന്നു.

**പൊതു നിർദ്ദേശങ്ങൾ**: ബാഷ്പീകരണതോത് കൂടിയ സാഹചര്യമായതിനാൽ വിളകൾക്ക് ആവശ്യാനുസരണം നന നൽകി പുതയിട്ടു സംരക്ഷിക്കുക.

## കാർഷിക നിർദ്ദേശങ്ങൾ

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| തെങ്ങ് | കൊമ്പൻ ചെല്ലി | നല്ല രീതിയിൽ തെങ്ങിൻറെ മുകൾ ഭാഗം വൃത്തിയാക്കി 200 ഗ്രാം മണലും വേപ്പിൻ പിണ്ണാക്കും അടങ്ങിയ മിശ്രിതം 10:1 എന്ന അനുപാതത്തിൽ തെങ്ങോല കവിളകൾക്കിടയിൽ ഇട്ടു കൊടുക്കുന്നത് കൊമ്പൻ ചെല്ലിയുടെ ആക്രമണം തടയാൻ സഹായിക്കുന്നു. |
| കുരുമുളക് | ദ്രുതവാട്ടം, പോള്ളുരോഗം | കുരുമുളക് തോട്ടങ്ങളിൽ തണൽ നിയന്ത്രിക്കുക. ദ്രുതവാട്ടത്തിനും പൊള്ളുരോഗത്തിനും മുൻകരുതലായി 0.2% കോപ്പർ ഓക്സി ക്ലോറൈഡ് ചുവട്ടിൽ ഒഴിച്ച് കൊടുക്കുകയും 1% വീര്യമുള്ള ബോർഡോ മിശ്രിതം ഇലകളിലും തണ്ടുകളിലും തളിച്ച് കൊടുക്കുകയും ചെയ്യുക. |
| വാഴ | സിഗട്ടോക്ക | വാഴയിലെസിഗട്ടോക്കരോഗത്തിനെതിരെ 20 ഗ്രാം സ്യൂഡോമൊണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിച്ച്കൊടുക്കുക. രോഗം മൂർഛിക്കുന്ന അവസ്ഥയിൽ 1 ml പ്രൊപികൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച്കൊടുക്കുക. |
| നെല്ല് | ഇലചുരുട്ടിപ്പുഴു | നെൽപ്പാടങ്ങളിൽ ഇലചുരുട്ടിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇതിനു മുൻകരുതലായി പറിച്ചു നട്ടു മൂന്നാമത്തെ ആഴ്ച മുതൽ ട്രൈക്കോഗ്രമ്മ കൈലോണിസ്ന്റെ മുട്ടക്കാർഡുകൾ **5** ആഴ്ച തുടർച്ചയായി ഏക്കറിന് **2cc** എന്ന കണക്കിൽ വച്ചുകൊടുക്കുക. ആക്രമണം ശ്രദ്ധയിൽപ്പെട്ടാൽ ബാസിലസ്സ് തുറിഞ്ചിയൻസിസിൻറെ അനുയോജ്യമായ ഫോർമുലേഷൻ **1g** ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ശർക്കര ചേർത്ത് തളിക്കുക. അല്ലെങ്കിൽ ക്ലോറാൻട്രാനിലിപ്രോൾ **18.5 SC 3ml 10** ലിറ്റർ വെള്ളത്തിൽ എന്ന കണക്കിൽ തളിച്ചുകൊടുക്കുക. |